**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാഭ്യാസ നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനും, കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ കാര്യങ്ങളാണ് ആവിഷ്കരിച്ചത്; വിശദീകരിക്കുമോ? | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. പാഠ്യപദ്ധതി പരിഷ്കരണം, സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി, പ്രീപ്രൈമറി മേഖലയിലെ പരിഷ്കരണങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.<br><br>പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനുവേണ്ടി ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടായത്. ഇതിന്റെ തുടർച്ചയാണ് പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ആരംഭിച്ചത്. ഒന്ന് മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളും വികസിപ്പിച്ചു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് 9-ാം ക്ലാസ് വാർഷിക പരീക്ഷ കഴിയുന്നതിനു മുമ്പായിതന്നെ പത്താം ക്ലാസിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞത്. അടുത്ത അധ്യയനവർഷം ഹയർസെക്കന്ററി മേഖലയിലും പുതുക്കിയ പാഠപുസ്തകങ്ങൾ വിതരണം ചെയ്യും. ഗുണമേന്മാ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ അധ്യയനവർഷം 'സമഗ്ര ഗുണമേന്മാ വർഷ' മായി പ്രഖ്യാപിച്ചിട്ടുണ്ട്. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി സർക്കാർ അംഗീകരിച്ച് നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്താൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1 സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

2. പഠന പോഷണ പരിപാടികൾ

i. മലയാളത്തിളക്കം

ii.ഹലോ ഇംഗ്ലീഷ്

iii. സുരീലി ഹിന്ദി

iv. ഹെൽപിംഗ് ഹാന്റ്

v. സചിത്ര പുസ്തകം

vi. സംയുക്ത ഡയറി

Vii. മഞ്ചാടി ഗണിത പ്രോഗ്രാം

Viii. ഗണിത വിജയം

ix. ഉല്ലാസ ഗണിതം

x. ഗണിത ലാബ്

xi. ഗണിത കിറ്റ്

xii. ഗണിത പാർക്ക്

xiii വിവിധ ക്ലബ് പ്രവർത്തനങ്ങൾ

xiv. വർക്ക് ഷീറ്റുകൾ / അധിക പഠന സഹായികൾ

XV. ശാസ്ത്ര പാർക്ക്

xvi ശലഭ പാർക്ക്

xvii ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്

xviii ബഡ്ഡിംഗ് റൈറ്റേഴ്സ്

xix. ശാസ്ത്ര കിറ്റ്

XX. വായനാവസന്തം

xxi ക്ലാസ് ലൈബ്രറി

xxii. കുഞ്ഞുവായന

3. നൂതനാശയ പ്രവർത്തനങ്ങൾ

i. സ്കൂൾ വെതർ സ്റ്റേഷൻ

ii. ലൈഫ്

iii. ക്രിയേറ്റീവ് കോർണർ

iv. വെർച്ചൽ റിയാലിറ്റി ലാബ്

4. രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ

i.സ്റ്റീം എക്കോ സിസ്റ്റം

ii. ഭൂമിശാസ്ത്രലാബ്

iii. ടിങ്കറിംഗ് ലാബ്

iv.ശാസ്ത്രപഥം

5. വർക്ക് എഡ്യൂക്കേഷൻ

i. സ്കിൽ ഡെവലപ്മെന്റ് സെന്റർ

ii. സ്കിൽ ടു വെൻച്വർ

iii. ക്രാഫ്റ്റ്

iv. ശക്തി

6. പ്രി- സ്കൂൾ ശാക്തീകരണം- വർണ്ണകൂടാരം

7. ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ

8. അധ്യാപക പരിശീലനങ്ങളും ശില്പശാലകളും

9. മൂല്യ നിർണയ രീതികളിൽ വരുത്തുന്ന മാറ്റങ്ങൾ

10. സബ്ജക്ട് മിനിമം ഏർപ്പെടുത്തുന്നത്

11. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സവിശേഷ പ്രവർത്തനങ്ങൾ

12. പാർശ്വവൽകൃത സമൂഹത്തിലെയും ഗോത്രമേഖലയിലും തീരദേശ മേഖലയിലും നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾ.

13. അതിഥി തൊഴിലാളികളുടെ മക്കൾക്കായി നടപ്പാക്കുന്ന പ്രത്യേക പദ്ധതികൾ.

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠന-ബോധന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. സ്കൂളുകളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കുകയും ഡിജിറ്റൽ പഠന വിഭവങ്ങൾക്ക് ' സമഗ്രപ്ലസ്' പോർട്ടൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ ഐ.സി.ടി ലഭ്യമാക്കുകയും ചെയ്തു. പാഠപുസ്തകങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, എ.വി.ജി.സി. (അനിമേഷൻ, വിഷ്വൽ എഫക്റ്റ്സ്, ഗെയിമിംഗ്, കോമിക്സ്) തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുകയും അവ ക്ലാസ് മുറികളിൽ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തു.